<u>പ്രസിദ്ധീകരണത്തിന്</u>

## <u>ന്യൂനപക്ഷ വിധവകൾക്കും/ വിവാഹബന്ധം വേർപ്പെടുത്തിയവർക്കും/ ഉപേക്ഷിക്കപ്പെട്ടവർക്കുമുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി</u>

## <u>അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 10-വരെ</u>

## <u>അപേക്ഷകൾ അതത് കളക്ടറേറ്റുകളിലേക്ക് മാത്രം സമർപ്പിക്കേണ്ടതാണ്</u>

തിരുവനന്തപുരം:- മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകളുടെയും, വിവാഹബന്ധം വേർപ്പെടുത്തിയവരുടെയും, ഉപേക്ഷിക്കപ്പെട്ടവരുടെയും ഭവന പുനരുദ്ധാരണത്തിന് ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകുന്ന ധനസഹായത്തിന് അപേക്ഷിക്കേണ്ട അവസാന തീയതി **<u>ഒക്ടോബർ 10</u>**-വരെ നീട്ടിയതായി വകുപ്പ് ഡയറക്ടർ അറിയിച്ചു. ശരിയായ ജനലുകൾ/വാതിലുകൾ/മേൽക്കൂര/ഫ്ളോറിംങ്/ ഫിനിഷിംങ്/ പ്ലംബിംങ്/ സാനിട്ടേഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം നൽകുന്നത്. ഒരു വീട് മെയിന്റനൻസിന് 50,000 രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ /പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബം. അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര വരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് ഭവന പുനരുദ്ധാരണത്തിന് സഹായം ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫാറം മുഖേനയാണ് അപേക്ഷിക്കേണ്ടത്. 2021-22 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സ്ഥിര താമസ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. **<u>പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരമോ അപേക്ഷിക്കാം.</u>** അപേക്ഷാ ഫോറം *<u>www.minoritywelfare.kerala.gov.in</u>* എന്ന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കും. അപേക്ഷകൾ അതാത് ജില്ലാ കളക്ടറേറ്റിൽ സ്വീകരിക്കുന്ന അവസാന തീയതി 2021 ഒക്ടോബർ 10 വൈകിട്ട് 5 മണി.

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ്
വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം-33

## വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി (2021-22)

(മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈന വിഭാഗങ്ങൾക്ക് മാത്രമായുള്ള പദ്ധതി)

### പുതുക്കിയ അപേക്ഷാ ഫാറം

| | | |
|---|---|---|
| 1 | അപേക്ഷകയുടെ പേര് | |
| 2 | സ്ഥിര മേൽവിലാസം | |
| 3 | ഇപ്പോഴത്തെ മേൽവിലാസം | |
| 4 | ഫോൺ നമ്പർ | |
| 5 | മൊബൈൽ നമ്പർ (ഉണ്ടെങ്കിൽ മാത്രം) | |
| 6 | വയസ്സ് | |
| 7 | മതം/ജാതി | |
| 8 | ദരിദ്രരേഖയക്ക് താഴെയുള്ള കുടുംബമാണോ? | അതെ/ അല്ല |
| 9 | കുടുംബത്തിന്റെ വാർഷിക വരുമാനം | |
| 10 | റേഷൻ കാർഡ് നമ്പർ | |
| 11 | വിവാഹ മോചിത/വിധവ/ഉപേക്ഷിക്കപ്പെട്ട സ്ത്രീ ഇവയിൽ ഏതെന്ന് വ്യക്തമാക്കുക | |
| 12 | അപേക്ഷ/പങ്കാളിയുടെ പേരിലുള്ള വീട് സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ വിസ്തീർണ്ണവും, സർവ്വേ നമ്പരും, തണ്ടപ്പേർ നമ്പറും, വില്ലേജ്/താലൂക്ക്/ജില്ല എന്നീ വിശദാംശങ്ങളും | |
| 13 | അപേക്ഷ/പങ്കാളിയുടെ വീട് നമ്പർ, വീടിന്റെ ആകെ വിസ്തീർണ്ണം, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ പേര് | |
| 14 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുടുംബമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക | |
| 15 | സർക്കാരിൽ നിന്നോ മറ്റ് സമാന ഏജൻസികളിൽ നിന്നോ വീട് നിർമ്മാണം/പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക | ഉണ്ട് / ഇല്ല |

| ക്രമ നമ്പർ | പേര് | ആൺ/ പെൺ | വയസ്സ് | വൈവാഹിക നില | അപേക്ഷകയ്ക്ക് കുടുംബങ്ങളുമാ യുള്ള ബന്ധം | അപേക്ഷക യോടൊപ്പ മാണോ ഈ കുടുംബാംഗം താമസിക്കുന്നത് (അതെ/അല്ല) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

## സാക്ഷ്യ പത്രം

ഞാൻ......................................................(തീയതി) മുതൽ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട ആളാണെന്നും എനിക്ക് നാളിതുവരെ ഭവന പുനരുദ്ധാരണ ത്തിന് സർക്കാരിൽ നിന്നോ മറ്റ് സമാന ഏജൻസികളിൽ നിന്നോ യാതൊരുവിധ ധന സഹായവും ലഭിച്ചിട്ടില്ലെന്നും എന്റെ വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റിൽ കുറവാണെന്നും ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി:

അപേക്ഷകയുടെ ഒപ്പ്

പേര്:

<u>അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തി നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ:-</u>

1. റേഷൻ കാർഡിന്റെ പകർപ്പ്
2. 2021-22 സാമ്പത്തിക വർഷത്തിൽ സ്വന്തം പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്
3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച സ്ഥിര താമസ സർട്ടിഫിക്കറ്റ്
4. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
5. വിവാഹ മോചിത/ഉപേക്ഷിക്കപ്പെട്ടവരാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
6. വീട് റിപ്പയർ ചെയ്യേണ്ടതുണ്ട്, വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റിൽ കുറവാണ് എന്നിവ സാക്ഷ്യപ്പെടുത്തുന്ന വില്ലേജ് ആഫീസർ/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ/ ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപത്രം (ഇവയിലേതെങ്കിലും)
7. അപേക്ഷകയ്ക്കോ/അവരുടെ മക്കൾക്കോ മാനസിക-ശാരീരിക വെല്ലുവിളികൾ/ കാൻസർ/കിഡ്നി പ്രശ്നം/ഹൃദരോഗ്യം/കരൾ സംബന്ധമായ അസുഖം/തളർവാതം മറ്റു മാരക അസുഖങ്ങൾ ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ്
8. മറ്റ് വകുപ്പുകളിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് ഭവന പുനരുദ്ധാരണത്തിനും 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനും അനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ/ പഞ്ചായത്ത് സെക്രട്ടറി/ ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപത്രം (ഇവയിലേതെങ്കിലും) സർട്ടിഫിക്കറ്റ്.
9. റേഷൻകാർഡിലെ പേരും അപേക്ഷയിലെ പേരും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ, രണ്ടും ഒന്നാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

*<u>കുറിപ്പ്:- നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ അടക്കം ചെയ്യാത്ത അപേക്ഷകൾ യാതൊരു സാഹചര്യത്തിലും ഈ പദ്ധതിക്കായി പരിഗണിക്കുന്നതല്ല</u>*